# പതിമൂന്നാം കേരള നിയമസഭ
## പതിന്നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1296** — **01.07.2015-ൽ മറുപടിക്ക്**

**ഉപരിതല ഗതാഗത വികസനത്തിന് കർമ്മ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ടി. എൻ. പ്രതാപൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. വി കെ ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

എ) മിഷൻ 676 അനുസരിച്ച് ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

ബി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ?

സി) പദ്ധതി നിർവ്വഹണത്തിനായുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

എ, ബി, സി & ഡി

മിഷൻ 676 അനുസരിച്ച് ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) <u>തിരുവനന്തപുരം ബൈപ്പാസ്</u>
ദേശീയപാത 47-ലെ കഴക്കൂട്ടം മുതൽ കാരോട് (തമിഴ്നാട് അതിർത്തി) വരെയുള്ള 43 കി.മീ. ദൈർഘ്യം വരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാത അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡോടു കൂടി നാലുവരിപ്പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീ. ഭാഗത്തിന്റെ പണിക്കുള്ള ടെൻഡർ പൂർത്തിയാക്കി 669 കോടി രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. മുക്കോല മുതൽ കാരോട് വരെയുള്ള ബാക്കി ഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി വരുന്നു.

2) <u>കൊല്ലം ബൈപ്പാസ്</u>
ദേശീയപാത 47-ലെ കാവനാട് മുതൽ മേവറം വരെയുള്ള 13 കി.മീ. ദൈർഘ്യം വരുന്ന കൊല്ലം ബൈപ്പാസിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 352 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്.

3) <u>ആലപ്പുഴ ബൈപ്പാസ്</u>

ദേശീയപാത 47-ലെ കുമ്മാട്ടി മുതൽ കളർകോട് വരെയുള്ള 6.80 കി.മീ. ദൈർഘ്യം വരുന്ന ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 348.43 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്ല്യപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്.

4) <u>കോഴിക്കോട് ബൈപ്പാസ്</u>

ദേശീയപാത 17-ലെ വെങ്ങളം മുതൽ പൂളാടിക്കുന്ന് വരെയുള്ള 5.1 കി.മീ. ദൈർഘ്യം വരുന്ന കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. 152.75 കോടി ചെലവ് വരുന്ന ഈ പദ്ധതിയുടെ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

5)<u>തൃപ്പൂണിത്തുറ ബൈപ്പാസ്</u>

തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനായി 984.46 കോടി രൂപയുടെയും നിർമ്മാണത്തിനായി 315.71 കോടി രൂപയുടെയും ഡി.പി.ആർ. തയ്യാറായിട്ടുണ്ട്. സ്ഥലമെടുപ്പിന്റെ ഡി.പി.ആർ. കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഇതിന്റെ നിർമ്മാണം സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6) <u>തലശ്ശേരി - മാഹി ബൈപ്പാസ്</u>

ദേശീയപാത 17-ൽ മുഴപ്പിലങ്ങാട് മുതൽ അഴിയൂർ വരെ 18 കി.മീ. ദൈർഘ്യത്തിലാണ് ഈ ബൈപ്പാസ്. ഇതിന്റെ ആദ്യഘട്ടമായ 10.8 കി.മീ. ദൂരം 45 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായ ഭാഗത്ത് ബൈപ്പാസ് നിർമ്മാണം സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 390 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് ഭരണാനുമതി

നൽകുന്ന കാര്യം പരിഗണിച്ച് വരികയാണ്.

സംസ്ഥാനത്തെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ **'സ്പീഡ് കേരള'** പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആകെ 23 പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ ആദ്യഘട്ടത്തിൽ 10 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു. ഇതിൽ 5 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഇടപ്പള്ളി ഫ്ലൈ ഓവർ | - 108 കോടി |
| കോഴിക്കോട് ബൈപ്പാസ് | -141.02 കോടി |
| പാലാരിവട്ടം ഫ്ലൈ ഓവർ | - 41.28 കോടി |
| രാമപുരം- നാലമ്പലം-<br>ദർശനം റോഡ് | - 50.75 കോടി |
| കഞ്ഞിക്കുഴി - വെട്ടത്തുകവല<br>കറുകച്ചാൽ- മല്ലപ്പള്ളി റോഡ് | - 45.35 കോടി |

ലോകബാങ്ക് ധസഹായത്തോടെ 2403 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന കെ എസ് ടി പി -രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 363 കി മീ ദൂരം വരുന്ന 6 റോഡുകൾ വികസിപ്പിക്കുന്നതാണ്. 9 പാക്കേജുകളായാണ് ഇവയുടെ നിർമ്മാണം. ഇതിൽ 7 റോഡു പാക്കേജുകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

കാസറഗോഡ് - കാഞ്ഞങ്ങാട്, പിലാത്തറ-പാപ്പിനിശ്ശേരി, ചെങ്ങന്നൂർ- ഏറ്റുമാനൂർ, ചെങ്ങന്നൂർ - മൂവാറ്റുപ്പുഴ, തിരുവല്ല ബൈപ്പാസ്, പൊൻകുന്നം - തൊട്ടുപുഴ എന്നീ റോഡുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

പുനലൂർ- പൊൻകുന്നം റോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി തിരഞ്ഞെടുക്കപ്പെട്ട 106.2 കി.മീ. റോഡുകളുടെ പുന:രുദ്ധാരണത്തിനായി 279.31 കോടി രൂപയുടെ ഒരു പദ്ധതി റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള (RICK) എന്ന സ്ഥാപനം വഴി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് RICK ഈ പദ്ധതി നടപ്പിലാക്കുന്നത്.

വർദ്ധിച്ചു വരുന്ന ഗതാഗതക്കുരുക്കിന് ശാശ്വതപരിഹാരമായി തിരുവനന്തപുരത്തും കോഴിക്കോടും ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള റാപ്പിഡ് ട്രാൻസ്പോർട്ട് കമ്പനി ലിമിറ്റഡ് (KRTL) മുഖാന്തിരം സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ